# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1174** **06.02.2020 ൽ മറുപടിക്ക്**

## ദേശീയപാത വികസനം

**ചോദ്യം**
**ശ്രീ.കെ.ഡി. പ്രസേനൻ**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) തത്വത്തിൽ ദേശീയപാതയായി അംഗീകരിക്കപ്പെട്ട വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് ഉൾപ്പെടെ 4 റോഡുകൾക്ക് ദേശീയപാതാ പദവി ലഭിക്കുന്നതിനും ദേശീയപാതയായി വികസിപ്പിക്കുന്നതിനുമുള്ള സർവ്വേ, സ്ഥലം ഏറ്റെടുപ്പ്, ദേശീയപാതാ പ്രഖ്യാപനം തുടങ്ങിയ നടപടിക്രമങ്ങളുടെ തൽസ്ഥിതി എന്തെന്ന് വിശദീകരിക്കാമോ;

(എ) സംസ്ഥാനത്ത് ദേശീയപാതയായി തത്വത്തിൽ അംഗീകരിച്ച വടക്കാഞ്ചേരി-പൊള്ളാച്ചി റോഡ് ഉൾപ്പെടെയുള്ള ദേശീയപാതകളുടെ സാധ്യതാ പഠനവും പദ്ധതി രൂപരേഖകളും തയ്യാറാക്കുന്ന നടപടികളുടെ ഭാഗമായി Alignment option നുകൾ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ തത്വത്തിൽ അംഗീകരിച്ചിട്ടുളള ദേശീയപാതകളുടെ തുടർനടപടികൾ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തി വയ്ക്കുവാൻ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം തുടർ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. കേന്ദ്രം ചില റോഡുകൾ NH ആക്കിയതായി വിജ്ഞാപനം ഇറക്കിയ ശേഷം വർഷങ്ങളായി മറ്റു നടപടികൾ പാലിക്കാത്തതിനാൽ ഈ PWD റോഡുകൾ സർക്കാരിനു നന്നാക്കാൻ പറ്റുന്നില്ല. ഇതു അറിയാതെ ചിലർ സംസ്ഥാനത്തെ കുറ്റം പറയുന്നത് പതിവാക്കിയിരിക്കുകയാണ്.

(ബി) മലയോര ഹൈവേ ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾ മേൽപ്പറഞ്ഞ റോഡുകൾ ദേശീയപാതയായി ഉയർത്തുന്നതിന്റെ ഭാഗമായി കിഫ്ബി നിർത്തിവെച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

(ബി) കൊല്ലങ്കോട്-വടക്കാഞ്ചേരി റോഡ് ദേശീയ പാതയായി അംഗീകരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് മലയോര ഹൈവേയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകേണ്ടതില്ല എന്ന് കിഫ്ബിയിൽ നിന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ തത്വത്തിൽ അംഗീകരിച്ച

ദേശീയപാതകളുടെ തുടർനടപടികൾ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതു വരെ നിർത്തി വയ്ക്കുവാൻ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ച സ്ഥിതിക്ക് അംഗീകാരത്തിനായി കിഫ്ബിയിലേക്കു വീണ്ടും സമർപ്പിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**